**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **06-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എം.ബി.ആർ. അംഗീകാരം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഡി.പി.ആർ.തയ്യാറാക്കി നൽകിയിട്ടും കെ.എം.ബി.ആർ ലംഘനങ്ങൾ ഉള്ളത് കാരണം അംഗീകാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെറിയ തോതിലുള്ള കെ.എം.ബി.ആർ ലംഘനങ്ങൾ കാരണം പ്രവൃത്തികൾക്ക് അംഗീകാരം നൽകാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണ ചട്ടം 3(4) പ്രകാരം സർക്കാർ/ തദ്ദേശ്ശ ഭരണ സ്ഥാപനങ്ങൾ / സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ട ലംഘനമുണ്ടെങ്കിൽ അവയ്ക്ക് ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്. മറ്റുള്ള, പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ചെറിയ തോതിലുള്ള ലംഘനങ്ങൾ ചട്ടം 3(5) അനുശാസിക്കുന്നത് പ്രകാരം ഫീസ് നൽകി ഇളവിനു വേണ്ടി സർക്കാരിൽ അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകളിൽ മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | കെട്ടിട നിർമ്മാണ ചട്ടം 3(4) പ്രകാരം സർക്കാർ/ തദ്ദേശ്ശ ഭരണ സ്ഥാപനങ്ങൾ / സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ട ലംഘനമുണ്ടെങ്കിൽ അവയ്ക്ക് ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്. മറ്റുള്ള, പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ചെറിയ തോതിലുള്ള ലംഘനങ്ങൾ ചട്ടം 3(5) അനുശാസിക്കുന്നത് പ്രകാരം ഫീസ് നൽകി ഇളവിനു |

| | | | |
|---|---|---|---|
| | | | വേണ്ടി സർക്കാരിൽ അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകളിൽ മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ